# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.39 03.03.2020 ൽ മറുപടിക്ക്.**

### സംരംഭകത്വ സഹായ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. സജി ചെറിയാൻ | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്) നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് വിപുലമായ പിന്തുണ നൽകുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ ഉൾപ്പെടെയുള്ള സംരംഭകരുടെ പുതിയ വ്യവസായ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | 28.12.2012 -ലെ ജി.ഒ.(കൈ)നം.156/2012/വ്യവ പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം സാധാരണ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിര മൂലധനത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ ധനസഹായം നൽകുമ്പോൾ വനിതകൾ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം, യുവ സംരംഭകർ എന്നിവർക്ക് സ്ഥിര മൂലധനത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായമായി നൽകുന്നു |
| (സി) | വനിതകളുടെ തൊഴിൽ സംരംഭക പരിപാടികൾക്ക് പ്രോത്സാഹനം നൽകുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും നിലവിലുള്ളവർക്ക് ആവശ്യമായ സഹായം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | വനിതകളുടെ തൊഴിൽ സംരംഭക പരിപാടികൾക്ക് പ്രോത്സാഹനം നൽകുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും നിലവിലുള്ളവർക്ക് ആവശ്യമായ സഹായം നൽകുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:<br>• 2012 മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം സാധാരണ വിഭാഗത്തിൽപ്പെട്ടവർക്ക്, സ്ഥിര മൂലധനത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ വരെ ധനസഹായം നൽകുമ്പോൾ വനിതകൾക്ക് സ്ഥിര മൂലധനത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായമായി നൽകുന്നു.<br>• വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഗാർഹിക നാനോ സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം, സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് |

വാർഷിക പദ്ധതിയിൽ 6% സബ്സിഡിയായി നൽകുമ്പോൾ, വനിതകൾക്ക് 8% വരെ സബ്സിഡി അനുവദിക്കുന്നു.

- സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിങ്) ബിസിനസ്സ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ്സ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിദ്ധ്യവത്കരണത്തിനോ വേണ്ടി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) ഒരു (ഹ്രസ്വകാല) വായ്പാപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

വായ്പാ പദ്ധതിക്ക് അപേക്ഷ നൽകുന്ന സംരംഭം സ്ത്രീ സംരംഭകയുടെ സ്വന്തം ഉടമസ്ഥതയിലുള്ള സ്വകാര്യ സ്ഥാപനമോ, പങ്കാളിത്ത സ്ഥാപനമോ, സ്വകാര്യ കമ്പനിയോ ആകാവുന്നതാണ്. വ്യവസായത്തിന്റെ ആരംഭം മുതൽ 50% കൂടുതൽ ഉടമസ്ഥത സ്ത്രീ സംരംഭകർക്കായിരിക്കണം. യൂണിറ്റ് കഴിഞ്ഞ ഒരു വർഷമായി പ്രവർത്തന ക്ഷമമായിട്ടുള്ളതും, കഴിഞ്ഞ വർഷത്തെ ആകെ വിൽപ്പനയുടെ ശരാശരി ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയും ആയിരിക്കണം. വായ്പയുടെ പരിധി ആവശ്യമായ മൊത്ത നിക്ഷേപത്തിന്റെ 80 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും.

- കെഎസ്ഐഡിസി വനിതകൾക്ക് മാത്രമായി 42,228 ചതുരശ്ര അടിയിൽ അങ്കമാലിയിൽ ഇൻകൽ ടവറിൽ വി-സ്പെയ്സ് അഥവാ വനിതാ അപ്പാരൽ പാർക്ക് സജ്ജമാക്കിയിട്ടുണ്ട്. വസ്ത്ര നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകരെ ഒരു കുടക്കീഴിൽ കൊണ്ടു വരുവാനും ഈ മേഖലയിലെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടിയാണ് വി-സ്പെയ്സ് പ്രവർത്തന സജ്ജമാക്കിയിരിക്കുന്നത്.

Anilkumar
സെക്ഷൻ ഓഫീസർ